പ്രകൃതിപാലകൻ പദ്ധതി

207 (4542) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. അജിത് :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന ഭീഷണിയിൽ നിന്നും രക്ഷ നേടാൻ പൊതുജന പങ്കാളിത്തത്തോടെ പ്രകൃതി പാലകൻ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതിയിൻ കീഴിൽ എന്തെല്ലാമാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന ഭീഷണിയിൽനിന്നും രക്ഷനേടാൻ പൊതുജന പങ്കാളിത്തത്തോടെ പ്രകൃതി പാലകൻ (Eco Steward) എന്ന പദ്ധതി നടപ്പിലാക്കുവാൻ വനം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ടി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം വനം വകുപ്പാസ്ഥാനത്തുവച്ച് 2-7-2015-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നിർവ്വഹിച്ചു. ടി ചടങ്ങിൽ പദ്ധതിയുടെ ബ്രാൻഡ് അംബാസിഡറായി പത്മശ്രീ മമ്മൂട്ടിയെ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കൃഷി, വിദ്യാഭ്യാസം, പരിസ്ഥിതി എന്നീ വകുപ്പുകളും, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, എൻ.എസ്.എസ്., എൻ.സി.സി., യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ വിവിധ എൻ.ജി.ഒ.-കൾ എന്നിവരുടെയും സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിയിലുൾപ്പെടുത്തി ഈ വർഷം സംസ്ഥാനത്തൊട്ടാകെ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

നക്ഷത്രവനം	- 100 എണ്ണം
കണ്ടിവനം	- 1400 എണ്ണം
ഹെർബൽ ഗാർഡൻ	- 700 എണ്ണം
പ്രകൃതി ആസ്വാദന കേന്ദ്രം	- 50 എണ്ണം
നദീതട സംരക്ഷണം	- 28 കിലോമീറ്റർ
ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്	- 9.8 ലക്ഷം
കണ്ടൽക്കാടുകൾ	- 20000 എണ്ണം

കൂടാതെ പ്രകൃതി പരിപാലകരായ പൗരന്മാരെ വാർത്തെടുക്കുവാൻ അവബോധന ക്ലാസ്സുകൾ, പോസ്റ്ററുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. ഇതിലേക്കായി ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുടെ സഹകരണവും ഉറപ്പുവരുത്തുന്നുണ്ട്.

ഗാഡ്ഗിൽ - കസ്തൂരിരംഗൻ റിപ്പോർട്ട്

208 (4543) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗാഡ്ഗിൽ - കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, പശ്ചിമഘട്ട മേഖലകളിൽ നടപ്പാക്കേണ്ട വിവിധ നിയന്ത്രണങ്ങൾ സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തിട്ടുണ്ടോ ; ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പശ്ചിമഘട്ട മേഖലയിലെ കർഷകർക്ക്, അവരുടെ കൈവശ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ ;

(സി) പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിർത്തി നിർണ്ണയിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഇത്തരം മേഖലകളിൽ നിലവിൽ ജീവിച്ചുവരുന്നവർക്ക് ഇവിടെനിന്നും താമസം മാറ്റേണ്ടിവരുമോ; ജനങ്ങളുടെ ആശങ്കയകറ്റാൻ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നിലപാട് എന്തെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly